DESPATCHED On 12/9/22.

# സംസ്ഥാന വിവരാവകാശ കമ്മീഷൻ, കേരളം

തിരുവനന്തപുരം 695 001.

ഹർജി നമ്പർ എ.പി.1194 (1)/2022/എസ്.ഐ.സി

(ഫയൽ നം. 9603/എസ്.ഐ.സി - 4/2022, 9607/എസ്.ഐ.സി - ജി 4/2022, 9611/എസ്.ഐ.സി - ജി 4/2022)

തീർപ്പു കൽപ്പിച്ചുകൊണ്ടുള്ള നടപടി ക്രമം

സന്നിഹിതൻ

ശ്രീ. എ. അബ്ദുൽ ഹക്കീം, സംസ്ഥാന വിവരാവകാശ കമ്മീഷണർ

തീയതി:02/09/2022

ശ്രീ. സുഭാഷ്. എസ്,
ഗ്യാലറി, പൗണ്ട്കടവ്,
വലിയവേളി പി.ഒ,
തിരുവനന്തപുരം - 695 021.
} അപ്പീൽ ഹർജിക്കാരൻ

Vs

1. സ്റ്റേറ്റ് പബ്ലിക് ഇൻഫർമേഷൻ ഓഫീസർ &
അസിസ്റ്റന്റ് എഞ്ചിനീയർ,
ആറ്റിപ്ര സോണൽ ഓഫീസ്,
തിരുവനന്തപുരം നഗരസഭ

2. അപ്പീൽ അധികാരി & നഗരസഭ അസിസ്റ്റന്റ്
എക്സിക്യൂട്ടീവ് എഞ്ചിനീയർ,
ആറ്റിപ്ര സോണൽ ഓഫീസ്,
തിരുവനന്തപുരം കോർപ്പറേഷൻ,
തിരുവനന്തപുരം

} എതിർകക്ഷികൾ

## ഉത്തരവ്

തിരുവനന്തപുരം വലിയവേളിയിൽ പൗണ്ട്കടവിൽ 'ഗ്യാലറി' ൽ സുഭാഷ് എസ്. എന്നയാൾ ആറ്റിപ്ര സോണൽ ഓഫീസിലെ എസ്.പി.ഐ.ഒ യോട് 2014 ൽ ശ്രീ. മുഹമ്മദലി എന്ന വ്യക്തി അനധികൃത നിർമ്മാണം നടത്തിയെന്നാരോപിച്ച് 2014 മുതൽ

ഹർജിക്കാരൻ എതിർകക്ഷി ഓഫീസിൽ സമർപ്പിച്ചു വരുന്ന പരാതികളിന്മേൽ എടുത്ത നടപടികളും, ബന്ധപ്പെട്ട കാര്യങ്ങളുമാണ് വിവരാവകാശ അപേക്ഷയിൽ ആവശ്യപ്പെട്ടിരുന്നത്. 06/04/2022 ലെ അപേക്ഷയ്ക്ക് എസ്.പി.ഐ.ഒ മറുപടി ഒന്നും നൽകാതിരുന്നതിനാൽ 11/05/2022 ന് ഒന്നാം അപ്പീൽ സമർപ്പിച്ചു. ആയതിനെ തുടർന്ന് 06/06/2022 ലും 08/06/2022 ലും എസ്.പി.ഐ.ഒ മറുപടി നൽകി. ആയതിൽ തൃപ്തനാവാതെയാണ് അപ്പീൽ ഹർജിയുമായി കമ്മീഷനെ സമീപിച്ചത്. ഒരേ ആവശ്യം ഉന്നയിച്ച് മൂന്ന് ഹർജികൾ കമ്മീഷനിൽ സമർപ്പിച്ചിരിക്കുന്നു. (ഫയൽ നം. 9603/എസ്.ഐ.സി - ജി 4/2022, 9607/എസ്.ഐ.സി - ജി 4/2022, 9611/എസ്.ഐ.സി - ജി 4/2022)

2. പരാതിക്കാരനായ ശ്രീ. സുഭാഷ്. എസും അപ്പീൽ അധികാരിയായ ധന്യ.എസ്.നായരും, എസ്.പി.ഐ.ഒ ആയ നദീറ.ബിയും 31/08/20222 ൽ കമ്മീഷനിൽ നടത്തിയ ഹിയറിംഗ് വേളയിൽ ഹാജരായി. അപ്പീൽ അധികാരി എല്ലാ ചോദ്യങ്ങൾക്കും കൃത്യമായി മറുപടി സമയബന്ധിതമായി നൽകിയിട്ടുണ്ടെന്ന് കമ്മീഷനെ അറിയിച്ചു. എസ്.പി.ഐ.ഒ മറുപടി നൽകുന്നതിൽ താമസം നേരിട്ടെന്നും മറുപടി കൊടുക്കുന്നതിനാവശ്യമായ വിവരങ്ങൾ 4 ഫയലുകളിലായി വിവിധ സെക്ഷനുകളിൽ കിടക്കുന്നതുകൊണ്ട് ആയവ ശേഖരിച്ചു വരുന്നതിലെ താമസമാണ് മറുപടി നൽകാൻ വൈകിയതെന്നുമാണ് കമ്മീഷനെ ബോധിപ്പിച്ചത്. ഹർജിക്കാരൻ വിവരാവകാശ നിയമം 6(1) വകുപ്പു പ്രകാരം അപേക്ഷ സമർപ്പിരുന്ന കാലയളവിലെ എസ്.പി.ഐ.ഒ ആയ ശ്രീമതി ഹിമ.എസ്.യു 18/04/2022 മുതൽ മെറ്റേണിറ്റി ലീവിൽ പ്രവേശിച്ചതും തുടർന്ന് ഹർജിക്കാരൻ ഒന്നാം അപ്പീൽ സമർപ്പിക്കുന്ന കാലയളവുവരെ എസ്.പി.ഐ.ഒ ഇല്ലാതിരുന്നതും ടിയാന്റെ അപേക്ഷയ്ക്ക് മറുപടി നൽകുന്നത് വൈകാനുള്ള കാരണമായി എതിർകക്ഷികൾ ബോധിപ്പിച്ചു. 06/04/2022 ലെ അപേക്ഷയ്ക്ക് 18/04/2022 നു മുമ്പു തന്നെ മറുപടി നൽകാമായിരുന്നു. വിവരം നൽകിയത് 06/06/2022 നാണ്.

ആയത് വിവരാവകാശ നിയമപ്രകാരം ശരിയായ നടപടിയല്ല. വിവരാവകാശ അപേക്ഷകൾ ഗൗവിയിൽ ജാഗ്രതയോടെ കൈകാര്യം ചെയ്യണമെന്നും ഹർജിക്കാരൻ/ഹർജിക്കാരി ആവശ്യപ്പെടുന്ന വിവരങ്ങൾ കണ്ടെത്താൻ താമസം നേരിടുന്ന പക്ഷം ടി വിവരം ഇടക്കാല മറുപടിയിലൂടെ ടിയാളെ അറിയിക്കേണ്ടത് എസ്.പി.ഐ.ഒ യുടെ കടമയാണെന്നിരിക്കെ താൽക്കാലിക മറുപടി നൽകുന്നതിൽ വീഴ്ച വരുത്തിയതും ഇനി മേലിൽ ആവർത്തിക്കരുതെന്ന് താക്കീത് നൽകുകയും ചെയ്യുന്നു.

3. ഹിയറിംഗ് വേളയിൽ ബോധിപ്പിച്ച വസ്തുതകളും മുകളിലെ 3 ഹർജികളും ആയതിൽ ലഭ്യമായ റിപ്പോർട്ടും രേഖകളും പരിശോധിച്ചതിൽ വിവരാവകാശ നിയമത്തിലെ വകുപ്പ് 2(f) പ്രകാരം നൽകാൻ കഴിയുന്ന രേഖകൾ എല്ലാം എതിർകക്ഷി നൽകിയതായി ബോധ്യപ്പെട്ടതിനാലും അനന്തരനടപടികൾ ആവശ്യമില്ലെന്ന് കമ്മീഷൻ വിലയിരുത്തി 9603/എസ്.ഐ.സി - ജി 4/2022, 9607/എസ്.ഐ.സി - ജി 4/2022, 9611/എസ്.ഐ.സി - ജി 4/2022 എന്നീ നമ്പർ ഹർജികളിലെ തുടർ നടപടികൾ അവസാനിപ്പിച്ചുകൊണ്ടുള്ള ഉത്തരവ് ഇന്നേ ദിവസം (2-09-2022) പുറപ്പെടുവിക്കുന്നു.

(ഒപ്പ്)
എ. അബ്ദുൽ ഹക്കീം,
സംസ്ഥാന വിവരാവകാശ കമ്മീഷണർ

സാക്ഷ്യപ്പെടുത്തിയ പകർപ്പ്

ജോയിന്റ് സെക്രട്ടറി

STATE INFORMATION COMMISSION • KERALA, THIRUVANANTHAPURAM •